## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3105      20/06/2014-ൽ മറുപടിയ്ക്ക്

### കൃഷി വകുപ്പിനു കീഴിലെ പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃഷി വകുപ്പിന് കീഴിൽ ഏതെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃഷി വകുപ്പിനു കീഴിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ഹൈടെക് കൃഷി രീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സാദ്ധ്യമായ എല്ലാ പഞ്ചായത്തുകളിലും, പോളീ ഹൗസ് കൃഷിയും പ്രിസിഷൻ ഫാമിംങ്ങും നടപ്പിലാക്കിവരുന്നു.
- പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തി. സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളുടെ പരിസരത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രത്യേക ധനസഹായം പ്രോജക്ടിസ്ഥാനത്തിൽ നൽകി.
- വിത്ത് മുതൽ വിപണി വരെയുള്ള സമഗ്ര കാർഷിക വികസന പദ്ധതിയായ നിറവ് 33 നിയോജക മണ്ഡലങ്ങളിലായി നടപ്പാക്കുന്നു. ഇതിൽ കാർഷിക അനുബന്ധ മേഖലകളിലെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- തിരഞ്ഞെടുത്ത 35 ബ്ലോക്കുകളിൽ കാർഷിക യന്ത്ര സാമഗ്രികളേയും, പരിശീലനം ലഭിച്ച തൊഴിലാളികളേയും ഉൾക്കൊള്ളിച്ചു കൊണ്ട് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.
- തിരഞ്ഞെടുത്ത 200 പഞ്ചായത്തുകളിൽ കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കർഷക തൊഴിലാളികളേയും, ടെക്നീഷ്യന്മാരേയും ഉൾപ്പെടുത്തിക്കൊണ്ട് കാർഷിക കർമ്മസേന

രൂപീകരിച്ചു. ഇവർക്ക് പരിശീലനം നൽകാനും യന്ത്രസാമഗ്രികൾ നൽകാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- കർഷകരുടെ സംസ്ഥാനതലത്തിലുള്ള ഡേറ്റാബേയ്സ് തയ്യാറാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ കർഷക രജിസ്ട്രേഷൻ ആരംഭിച്ചു. 18.77 ലക്ഷംകർഷകർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.
- 60 വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകളനുസരിച്ച് കർഷക പെൻഷൻ നൽകിവരുന്നു.
- കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയാനായി സപ്ലൈക്കോ മുഖേന നെല്ല് സംഭരണം തുടരുന്നു. കേരഫെഡ് മുഖേന തിരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ പച്ചതേങ്ങ സംഭരണവും നടത്തിവരുന്നു.
- പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും സ്ഥായിയും സുരക്ഷിതവുമായ ഭക്ഷണം ഉൽപാദിപ്പിക്കുന്നതിനുമായി ജൈവവളങ്ങളും, ജൈവ സസ്യസംരക്ഷണ മാർഗ്ഗങ്ങളും അവലംബിച്ചു കൊണ്ടുള്ള ജൈവകൃഷി പദ്ധതി നടപ്പിലാക്കി കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ചു. വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനായി പ്രത്യേക സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു.
- കർഷകർക്കായുള്ള ക്ഷേമബോർഡിന്റെ രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) പ്രസ്തുത ഇനത്തിൽ നാളിതു വരെ എത്ര തുക ചെലവഴിച്ചു; അതിന്റെ ഗുണഭോക്താക്കൾ എത്രയാണ്; വ്യക്തമാക്കുമോ? | ബി) മേൽ വിവരിച്ച പദ്ധതികൾക്കായി 2011-12 മുതൽ 2013-14 വരെ 186.79 കോടി രൂപാ പ്ലാൻ ഫണ്ടിനത്തിൽ ചെലവഴിച്ചു. പദ്ധതി തിരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചിട്ടില്ല.<br>ഹൈടെക് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് സബ്സിഡി വാങ്ങുകയും നിലവിൽ കൃഷി ചെയ്യുകയും ചെയ്യുന്ന പോളീഹൗസുകളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**